**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6878** **21-03-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ ഡിജിറ്റൽ റീസർവെയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ ഡിജിറ്റൽ റീസർവേയുടെ പുരോഗതി വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് 2022 നവംബർ മാസം ആരംഭിച്ച ഡിജിറ്റൽ റീസർവ്വെ പദ്ധതി പ്രകാരം ആദ്യത്തെ മൂന്ന് വർഷം 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും സർവ്വെ ചെയ്ത് ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാല് വർഷം കൊണ്ട് പൂർത്തിയാക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ആയതിന്റെ ആദ്യ ഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ 16 വില്ലേജുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. സർവ്വെ സംബന്ധിച്ച നടപടികൾ നേരിട്ട് ഭൂവുടമസ്ഥരെ ബോധവൽക്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വില്ലേജുകളിലെ എല്ലാ വാർഡുകളിലും സർവ്വെ സഭകൾ കൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകിയിട്ടുള്ളതും, സർവ്വെ സമയത്ത് അവരുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നുമുണ്ട്.<br><br>സർവ്വെ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ഡിജിറ്റൽ സർവ്വെ നടക്കുന്ന എല്ലാ വില്ലേജുകളിലും ഒരു ക്യാമ്പ് ഓഫീസ് തുടങ്ങുകയും സർവ്വെ നടപടികൾക്ക് മേൽനോട്ടം നൽകി വരുന്നതുമാണ്. പ്രസ്തുത വില്ലേജുകളുടെ ലഭ്യമായ എല്ലാ മുൻ റിക്കാർഡുകളും സ്കാൻ ചെയ്ത് സർവ്വെ ഉദ്യോഗസ്ഥർക്ക് വേഗത്തിൽ ലഭ്യമാകും വിധം "എന്റെ ഭൂമി" എന്ന പോർട്ടലിൽ നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 16 വില്ലേജുകളിലായി ആകെ 30,087 ഹെക്ടർ വിസ്തൃതിയുള്ളതിൽ 1399.7583 ഹെക്ടറിന്റെ സർവ്വെ പൂർത്തിയാകുകയും, ശേഷിക്കുന്ന ഭാഗത്തിന്റെ സർവ്വെ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. പ്രസ്തുത വില്ലേജുകളുടെ ഡിജിറ്റൽ |

| | | | |
|---|---|---|---|
| | | | റീസർവ്വെ അഞ്ചര മാസം കൊണ്ട് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിൽ ഡിജിറ്റൽ റീസർവേ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പേരാമ്പ്ര നിയോജകമണ്ഡലത്തിലെ തുറയൂർ, ചെറുവണ്ണൂർ, എരവട്ടൂർ, അരിക്കുളം എന്നീ വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വെ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഡിജിറ്റൽ റീസർവേ പൂർത്തിയാകാത്ത വില്ലേജുകളിൽ സർവ്വെ സ്കെച്ച് വ്യക്തികൾക്ക് നൽകുന്നതിന് തടസ്സമുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | ഡിജിറ്റൽ റീസർവ്വെ പൂർത്തിയാകാത്ത വില്ലേജുകളിൽ സർവ്വെ സ്കെച്ച് വ്യക്തികൾക്ക് നൽകുന്നതിൽ തടസ്സമില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ